GOVT. BRENNEN COLLEGE * THALASSERY * CENTRAL LIBRARY

**K18U 0229**

Reg. No.: ..............................

Name : ..................................

**VI Semester B.A. Degree (CCSS – Supple.) Examination, May 2018**
**CORE COURSE IN MALAYALAM**
**6B15 MAL : Athmakatha/Jeevacharithram/Sanchara Sahithyam**
**(2012-2013 Admns.)**

Time : 3 Hours | Max. Weightage : 30

I. **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് **1.** **(4×1=4 വെയിറ്റേജ്)**

1) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) തിക്കോടിയന്റെ ആത്മകഥയുടെ പേരെന്ത് ?

ബി) 'തുടിക്കുന്ന താളുകൾ' ഏതു വിഭാഗത്തിൽപെട്ട രചനയാണ് ?

സി) 'കർമ്മവിപാകം' എന്ന ആത്മകഥ രചിച്ചതാര് ?

ഡി) 'ഞാൻ' ആരുടെ ആത്മകഥയാണ് ?

2) ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

എ) മലയാളത്തിലെ ആദ്യത്തെ ആത്മകഥാകൃത്ത്

(കുഞ്ഞിക്കുട്ടൻ തമ്പുരാൻ, പാച്ചുമൂത്തത്, കേരളവർമ്മ വലിയകോയി തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി)

ബി) 'എന്റെ നാടകസ്മരണകൾ' രചിച്ചതാര് ?

(പി. ജെ. ആന്റണി, തിക്കോടിയൻ, തോപ്പിൽ ഭാസി, സി. ജെ. തോമസ്)

സി) മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമേത് ?

(ഒരു യാത്ര, കാപ്പിരികളുടെ നാട്ടിൽ, ഹൈമവതഭൂവിൽ, വർത്തമാനപ്പുസ്തകം)

ഡി) 'ജീവചരിത്രസാഹിത്യം' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് ?

(ഡോ. കെ. എം. ജോർജ്, എസ്. ഗുപ്തൻ നായർ, എം. കെ. സാനു, നടുവട്ടം ഗോപാലകൃഷ്ണൻ)

3) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കൾ ആര് ?

എ) ജീവിതപ്പാത

ബി) വ്യാഴവട്ടസ്മരണകൾ

സി) സ്വരഭേദങ്ങൾ

ഡി) കണ്ടൽക്കാടുകൾക്കിടയിലെ എന്റെ ജീവിതം

4) ഒറ്റവാക്കിൽ ഉത്തരമെഴുതുക.

എ) 'പാതിരാസൂര്യന്റെ നാട്ടിൽ' ഏതു സാഹിത്യ വിഭാഗത്തിൽപെട്ട രചനയാണ് ?

ബി) സമ്പന്നതയാർജ്ജിച്ച ഗ്രന്ഥം എന്ന് 'ആമസോണും കുറേ വ്യാകുലതകളും' എന്ന പുസ്തകത്തെ വിശേഷിപ്പിച്ചതാര് ?

സി) ശ്രീദേവി എന്ന പേരിന്റെ പരിണമിച്ച രൂപമാണ് ________

ഡി) ചങ്ങമ്പുഴ മരണമടഞ്ഞ വർഷമേത് ?

5) ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| എ) | ഓർമ്മയുടെ ഓളങ്ങളിൽ | – സ്വദേശാഭിമാനി രാമകൃഷ്ണപിള്ള |
| ബി) | എന്റെ നാടുകടത്തൽ | – തോപ്പിൽ ഭാസി |
| സി) | ഒളിവിലെ ഓർമ്മകൾ | – മാധവിക്കുട്ടി |
| ഡി) | എന്റെ കഥ | – ജി. ശങ്കരക്കുറുപ്പ് |

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(4×1=4 വെയിറ്റേജ്)**

6) ഉന്നതമായ പാരിസ്ഥിതികാവബോധമാണ് പ്ലാച്ചിമട സമരത്തിലൂടെ മയിലമ്മ ആവിഷ്ക്കരിച്ചത് – വിശദമാക്കുക.

7) അയ്യപ്പൻകാവിലെ ശാന്തിക്കാരനായ കാലത്തെക്കുറിച്ച് വി. ടി. നടത്തുന്ന വിവരണങ്ങൾ സംഗ്രഹിക്കുക.

8) ഗുപ്തകാശിയെക്കുറിച്ചുള്ള ലേഖകന്റെ ഓർമ്മകൾ ക്രോഡീകരിക്കുക.

9) ആമസോൺ കാനനഭംഗികളെ ഗ്രന്ഥകാരൻ വിവരിക്കുന്നതെങ്ങനെ ?

10) കഥകളി സംഗീതത്തിൽ ഹൈദരാലി ആവിഷ്കരിച്ച പുതുമകൾ എന്തെല്ലാം ?

11) ചങ്ങമ്പുഴയെ 'നക്ഷത്രങ്ങളുടെ സ്നേഹഭാജനം' എന്നു ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യമെന്ത് ?



III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(5×2=10 വെയിറ്റേജ്)**

12) സഞ്ചാരസാഹിത്യത്തിൽ 'ആമസോണും കുറേ വ്യാകുലതകളും' എന്ന കൃതിക്കുള്ള പ്രാധാന്യമെന്ത് ?

13) മലയാളത്തിലെ സ്ത്രീ ആത്മകഥകളെക്കുറിച്ചു വിവരിക്കുക.

14) ആത്മകഥ, ജീവചരിത്രം, എന്നിവ സോദാഹരണം നിർവ്വചിക്കുക.

15) 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന സഞ്ചാരസാഹിത്യ കൃതിയെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ വിശദമാക്കുക.

16) സഞ്ചാരസാഹിത്യം എന്നാലെന്ത് ? മലയാളത്തിലെ ആദ്യകാല സഞ്ചാരസാഹിത്യ കൃതികളെ പരിചയപ്പെടുത്തുക.

17) ലോകസാഹിത്യത്തിലെ ശ്രദ്ധേയമായ ആത്മകഥകളെക്കുറിച്ച് ചർച്ച ചെയ്യുക.

18) സംഗീതവും ജീവിതവും ഒന്നായി മാറുന്ന കാഴ്ചയാണ് 'ഓർത്താൽ വിസ്മയം' എന്ന ജീവചരിത്രം ആവിഷ്കരിക്കുന്നത്. വിശദമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
**(3×4=12 വെയിറ്റേജ്)**

19) പ്രകൃതി സംരക്ഷകരുടെ ഉദാത്ത മാതൃകയാണ് മയിലമ്മ. ജീവചരിത്രത്തെ ആധാരമാക്കി വിവരിക്കുക.

20) ജീവചരിത്ര കൃതികൾ ചരിത്രത്തിന്റെ രേഖപ്പെടുത്തൽ കൂടിയാകുന്നു. വിശദമാക്കുക.

21) ആത്മകഥാഖ്യാനത്തിലെ ശൈലീഭേദങ്ങൾ പാഠപുസ്തകങ്ങളെ മുൻനിർത്തി വിവരിക്കുക.

22) കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ ചരിത്രത്തിൽ കണ്ണീരും കിനാവും എന്ന ആത്മകഥയ്ക്കുള്ള പ്രാധാന്യമെന്ത് ?

23) "ചങ്ങമ്പുഴ നക്ഷത്രങ്ങളുടെ സ്നേഹഭാജനം" എന്ന കൃതിക്ക് ആത്മകഥാസാഹിത്യത്തിലുള്ള സ്ഥാനമെന്തെന്നു നിർണയിക്കുക.

______________